KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PRESENTS

# ഉഷസ്സ്

## ജി.എച്ച്.എസ്.എസ്

## കമ്പല്ലൂർ

# തേരോട്ടം

*2018-19*



# താളുകളിലൂടെ.....

എഡിറ്റോറിയൽ

കഥ

ഒരു ആഫ്രിക്കൻ അനുഭവം

ക്രിയേറ്റിവിറ്റി

കാത്തിരിപ്പ്

ലേഖനം

കവിത

വിട

## "വേണ്ട പകരം എനിക്ക്
## ഒരു പുസ്തകം തന്നാൽ മതി"

ഒരു ശസ്ത്രക്രിയക്ക് വിധേയനാകേണ്ടി വന്നപ്പോൾ സ്വാമി വിവേകാനന്ദൻ ഡോക്ടറോട് പറഞ്ഞുവത്രെ , എന്തിന് പകരമെന്നോ ? ദേഹം കീറിമുറിക്കുന്നതിനു മുമ്പ് വേദന അറിയാതിരിക്കാനുള്ള മയക്ക കുത്തി വയിപ്പിനു പകരം! ശസ്ത്രക്രിയ കഴിഞ്ഞ ശേഷം വായന പൂർത്തിയാക്കി ചെറു പുഞ്ചിരിയോടെ അദ്ദേഹം പുസ്തകം മടക്കിവച്ചത്രെ , ഏകാഗ്രമായ വായനക്കിടയിൽ ശസ്ത്രിക്രയയുടെ അസഹ്യമായ വേദന സ്വാമി വിവേകാനന്ദൻ തെല്ലും അറിഞ്ഞതേയില്ല . വായന നൽകുന്ന നിർവൃതി ചിത്രീകരിക്കാൻ വേണ്ടിയാണ് ഇത് ഇവിടെ സൂചിപ്പിച്ചത് . വർത്തമാനകാലം അറിവുകളുടെ ലോകമാണ് . ഇന്ന് ലോകത്തെ നിയന്ത്രിക്കുന്നത് അറിവുകളാണ് . അറിവാണ് ശക്തി . അറിവ് നേടാനാകട്ടെ വായന അത്യന്താപേക്ഷിതവും . ശാസ്ത്രവിജ്ഞാനത്തിന്റെ കാര്യത്തിലാകുമ്പോൾ ഇതിന് പ്രസക്തി വർദ്ധിക്കുന്നു

എഡിറ്റർ

# കഥ ആംഗ്യഭാഷ

അനിയത്തിക്കുട്ടി ചേച്ചിയുടെ അടുത്ത് എത്തിയിരിക്കുന്നത് വിചിത്രമായ ഒരു ആവശ്യവുമായിട്ടാണ് . അവൾക്ക് ആംഗ്യഭാഷ പഠിക്കാൻ സഹായിക്കുന്ന പുസ്തകങ്ങൾ വേണം . അതിനായി ലൈബ്രറിയിൽ കൊണ്ടുപോകണം . തിരക്കിട്ട ജോലികളിലായിരുന്ന ചേച്ചിക്ക് അല്പം ദേഷ്യം തോന്നി . അവളുടെ ഓരോ തോന്നലിന് തന്നെ ശല്യപ്പെടുത്തുന്നതെന്തിനാണെന്നായിരുന്നു ചേച്ചിയുടെ മനസ്സിൽ , അതിനാൽത്തന്നെ ചോദിച്ചു: "എന്താ കാര്യം ? " - ചേച്ചിയുടെ ദേഷ്യത്തോടെയുള്ള ചോദ്യം കേട്ട് അല്പമൊന്നു പതുങ്ങി യെങ്കിലും കുഞ്ഞുസഹോദരി കാര്യം വെളിപ്പെടുത്തി . " സ്കൂളിൽ പുതിയ യൊരു കുട്ടി വന്നിട്ടുണ്ട് , അവന് ചെവി കേൾക്കില്ല അതുകൊണ്ട് കൂട്ടുകൂടണമെങ്കിൽ ആംഗ്യഭാഷ പഠിക്കണം . " ആ നിഷ്കളങ്കമായ ആവശ്യം കേട്ട് ചേച്ചി അലിഞ്ഞു . കൂടെയുള്ള ഒരു കുട്ടിയ്ക്കായി പഠിക്കാൻ ശ്രമിക്കുന്ന കുഞ്ഞുസഹോദരി തന്നെ പഠിപ്പിക്കുന്നത് അനുകമ്പയുടെ വലിയ പാഠമാണെന്ന് ചേച്ചിക്കു തോന്നി .

# ഒരു ആഫ്രിക്കൻ അനുഭവം

കിഴക്കൻ ആഫ്രിക്കയിലെ ടാൻസാനിയ എന്ന രാജ്യത്ത് കാട്ടിനകത്തുള്ള കിൻകോ എന്ന ഒരു ഗ്രാമത്തിൽ വൈദ്യുതി എത്തിക്കുവാൻ 8 വർഷം മുമ്പ് വെറും 5 മാസമെ വേണ്ടിവന്നുള്ളു..ഒരു ചെറിയ ഒഴുക്കിൽനിന്ന് കിഷ്ടിച്ച് 2-ആൾ പോക്കമുള്ള വെള്ളത്തിന്റെ വീഴ്ച ഉപയോഗപ്പെടുത്തി 10 കിലോവാട്ട് വൈദ്യുതി ലഭ്യമാക്കുകായിരുന്നു. ഒരു സാധാരണ പമ്പസെറ്റിലെ മോട്ടോറിനെ ജനറേറ്ററാക്കിയും പമ്പിനെ ടർബൈനാക്കിയും മാററി .ലുഷോട്ടോ എന്ന പട്ടണത്തിൽനിന്ന് 30 കി .മി നീളുന്ന കാടിന് പുറത്ത് വൈദ്യുതിലൈനുകൾ എത്തിക്കാൻ പറ്റാതിരുന്ന ഈ ഗ്രാമത്തിൽ ഹൈസ്കൂൾ , തെരുവുവിളക്കുകൾ , ഇരുന്നൂറോളം വീടുകൾ , ധാന്യം പൊടിക്കുന്ന ഒരു മിൽ , പൊതു ടെലിവിഷൻ തുടങ്ങി പലതിനും വൈദ്യുതി നൽകി അങ്ങനെ ആ ഗ്രാമത്തിന്റെ പ്രതീക്ഷകൾ പൂവണിയിക്കാൻ ഈ പദ്ധതിക്ക് കഴിഞ്ഞു

# ക്രിയേറ്റിവിറ്റി

ക്രിയേറ്റിവിറ്റിയെന്നാൽപോസിറ്റീവായകാര്യങ്ങളിൽമുഴുകുക.നിങ്ങൾചെയ്യുന്നജോലിയിൽനിഷ്ക്രിയമാകാതിരിക്കുകപുതുമകൾതേടുക്രിയേറ്റിവിറ്റിവായഒരുപാടൊരുപാട്കാര്യങ്ങളുണ്ട്അതിൽമുഴുകുക,പാട്ടുപാടുക,നൃത്തംചെയ്യുക,ചിത്രംവരയ്ക്കുക,ക്രിയേറ്റിവിറ്റിയാക്കുന്നതിന്റെഅടിസ്ഥാനപാഠമാണ്എഴുതുക,വായിക്കുക,പാചകംചെയ്യുക,പരീക്ഷണംനടത്തുക,അന്യരെസഹായിക്കുക,പഠിക്കുക,വെല്ലുവിളികളെഏറ്റെടുക്കുക,എന്തെങ്കിലുംചെയ്യുക,പരീക്ഷിച്ചുനോക്കുക,ആതിഥേയത്വംനൽകിആസ്വദിക്കുക.ആഘോഷിക്കുക,ആസ്വദിക്കുക,യാത്രചെയ്യുക,നേരേമറിച്ച്ക്രിയേറ്റീവാകുവാൻഇന്ദ്രിയങ്ങളെഉപയോഗപ്പെടുത്തുക,കളിക്കുക,അഭിനയിക്കുക,നമ്മൾനമ്മളെവീണ്ടെടുക്കുകയാണ്കണ്ണുംകാതുംമനസ്സുംതുറക്കുക.ഇങ്ങനെജീവിതത്തിലെഒരുപാട്കാര്യങ്ങളിൽനിന്നാണ്ക്രിയേറ്റിവിറ്റിവാകുന്നത്ജീവിതംചെറുതാണെങ്കിലുംക്രിയേറ്റിവിറ്റിയുണ്ട്ഏതുകാര്യവുംക്രിയേറ്റിവിറ്റിയോടെകാര്യംമറക്കാതെഓരോനിമിഷവുംഉപയോഗപ്പെടുത്തുക.

# കാത്തിരിപ്പ്

തന്റെ പട്ടണമായ ഇഷിനോമാക്കിയെ പിടിച്ചുലച്ചുകൊണ്ട് 2011-ൽ ഒരു സുനാമിയുണ്ടായപ്പോൾ ഹിദ്ദയാക്കി അകാ എന്ന ആ ജപ്പാൻകാരൻ തന്റെ ജോലിയിലായിരുന്നു. ഭാര്യ വീട്ടിൽ കുടുങ്ങിപ്പോയിരിക്കുകയാണ് എന്നു മനസിലാക്കിയ അദ്ദേഹം അവളെ രക്ഷിക്കാനായി ഇറങ്ങി .സൈന്യമെത്തി രക്ഷാപ്രവർത്തനം നടത്തുന്നതുവരെ കാത്തിരിക്കാനായിരുന്നു വിദഗ്ധരുടെ ഉപദേശം. പക്ഷേ അദ്ദേഹത്തിന് കാത്തിരിക്കാനാവുമായിരുന്നില്ല.ഒഴുകിനടക്കുന്നകാറുകളുടെയുംവീടുകളുടെയുംമാലിന്യങ്ങളുടെയുമൊകനടുവിലൂടെ അദ്ദേഹം ഭാര്യയ്ക്കരികിലെത്തിയപ്പോൾ അല്പം മാത്രം വായു ലഭിക്കുന്ന സാഹചര്യത്തിൽഅവൾജീവനോടെയിരിക്കുന്നുഅവളെവലിച്ച്സുരക്ഷിതസ്ഥലത്തെത്തിക്കാൻ കഴിഞ്ഞു തന്റെ അമ്മയെയും കണ്ടെത്തിയിട്ടില്ലെന്ന് തിരിച്ചറിഞ്ഞ ഉടനെതന്നെ അദ്ദേഹം അമ്മയെ തിരഞ്ഞിറങ്ങി കണ്ടെത്തി ജീവൻ രക്ഷിക്കുകയും ചെയ്തു. കാത്തുനിന്നിരുന്നെങ്കിൽ അവരെ രണ്ടു പേരെയും നഷ്ടപ്പെട്ടേനേ .അപകടം നടന്ന് ആഴ്ചകൾ കഴിഞ്ഞപ്പോഴും അദ്ദേഹം ദിനംതോറും പലരെയും രക്ഷിച്ചുകൊണ്ടിരുന്നു .ദുരന്തങ്ങളുണ്ടായാലും സ്നേഹത്തിന്റെ വീരനായകർ ഉയർന്നുവരുമെന്നും അവർക്കു മുന്നിൽ പ്രതിബന്ധങ്ങൾ വഴിമാറുമെന്നും ഹിദയാക്കി അകാ നമ്മെ ഓർമ്മിപ്പിക്കുന്നു

# പുകയില

## ലേഖനം

പുകവലിക്കുന്നതിനും ചവയ്ക്കുന്നതിനും ഉപയോഗിക്കാവുന്ന വിവിധതരം പുകയില വസ്തുക്കൾ കമ്പോളത്തിൽ ലഭ്യമാണ് .സിഗററ്റ് , ബീഡി , സിഗാർ , ചുരുട്ട് , ഹുക്ക് , എന്നിവ പുകവലിക്കുന്നതിനും വിവിധതരം പാൻ മസാലകൾ ( കെയിനി , ഗുഡ് - ശംഭു , ഹാൻസ് തുടങ്ങിയവ ) ചവയ്ക്കുന്നതിനും മൂക്കുപൊടി , മൂക്കിൽ വയ്ക്കുന്നതിനും ഉപയോഗിക്കുന്നവയാണ് .ഇവയിലെല്ലാം അടങ്ങിയിട്ടുള്ള പ്രധാന ഘടകം പുകയിലയാണ് .പുകയിലയൊരു മാരക ലഹരി വർഷം തോറും ലക്ഷക്കണക്കിന് മരണങ്ങൾക്കും ദശലക്ഷക്കണക്കിന് രോഗ ങ്ങൾക്കും കാരണമാകുന്ന ലഹരി വസ്തുവാണ് പുകയില .എല്ലാത്തരം പുകയില വസ്തുക്കളും ആരോഗ്യത്തിന് ഹാനികരമാണ് .ഇവയുടെ ഉപയോഗം എത്ര കുറവാണെങ്കിലും ദോഷകരമാണ് .ഫിൽട്ടർ സിഗരറ്റ് , വിലകൂടിയ സിഗരറ്റ് , വിദേശത്തു നിന്നും കൊണ്ടുവരുന്ന സിഗരറ്റുകൾ തുടങ്ങി ഏത് തരത്തിലും ബ്രാന്റിലുമുള്ള സിഗ രറ്റും ബീഡിയും ആരോഗ്യത്തിന് ഹാനികരമാണ് .ചവയ്ക്കുന്നതിനു ഉപയോഗി ക്കുന്ന പാൻ മസാലകളും വിവിധ തരത്തിലുള്ള അസുഖങ്ങൾക്ക് കാരണമാകുന്നതാണ് .പുകയിലയിൽമൂവായിരത്തിലധികംരാസവസ്തുക്കൾഅടങ്ങിയിട്ടുണ്ട.ടാർ,കാർബൺമോണോക്സൈ ഡ് നിക്കോട്ടിൻ , നൈട്രോസാമിൻ , ആഴ്സനിക് , ഫോർമാൽഡി ഹൈഡ് എന്നിവ ഇവയിൽ ചിലത് മാത്രം .ഇതിൽ അൻപതോളം രാസവസ്തുക്കൾ കാൻസർ ഉണ്ടാക്കുന്നതാണ് .പുകയില ഉത്പന്നങ്ങളോടുള്ള ആസക്തി വർദ്ധിപ്പിക്കുന്നത് അതിലടങ്ങിയിരിക്കുന്ന നിക്കോട്ടിൻ എന്ന രാസവസ്തുവാണ്.

# എന്റെ ആ സ്വർഗ്ഗവീട്

**ഗൗതം രമേശ്**

നോക്കെത്താ ദൂരത്ത് പരന്നുകിടക്കുന്ന

പാടങ്ങൾക്ക് അകലെയാണ് എൻറെ വീട്

ഓലമേഞ്ഞ കിളിവാതിലുകൾ ഉള്ള ഒറ്റമുറി വീടാണ് എൻറെ വീട്

കൂട്ടുകാരുമൊത്തുല്ലസിച്ചീടിയ ആ ബാല്യം എപ്പഴേ പോയി മറഞ്ഞു

മുപ്പതും നാല്പതും വർഷങ്ങൾക്കപ്പുറം മനതാരിൽ ചിന്തകൾ മിന്നിമാഞ്ഞു

ഇന്നു ഞാൻ ആ ഗ്രാമത്തിൻ്റെ നെഞ്ചകങ്ങളുടെ നടന്നീടവേ

എൻ മനതാരിൻ വേദന അഗ്നിശിലപ്പോലെ വെന്തുരുകി

പാടവരമ്പില്ല ഓലയാൽ മേഞ്ഞൊരുക്കുരയില്ല

എങ്ങും സൗധങ്ങൾ മണിമാളികകൾ

പ്രഹസനം കൊള്ളുന്ന വാഹനങ്ങൾ ഭൂമിദേവിയ്ക്ക്

ആകുമോ ഈ ഭാരം ചുമക്കുവാൻ എന്നൊരു ശങ്കയും തോന്നിപ്പോയി

അത്രമാണീ ചെയ്തികൾ എത്രയും കാട്ടത്തമന്നേ ചൊല്ലൂ

# വിട

ചിതറിത്തെറിച്ച അക്ഷരങ്ങളുടെ പച്ചപ്പ് നിലനിർത്താനുള്ള . സഹപ്രവർത്തകർ എല്ലാവരോടും വാക്കുകളിലൊതുങ്ങാത്ത ഹൃദയപൂർവ്വമുള്ള നന്ദി .